25
NOVMBER

The mic times

Official newsletter of PG Department of JMC, MIC Arts & Science College, Athanikkal

youtube.com/micpoint
instagram.com/mic_mcj.official

# സ്റ്റാഫ് ക്ലബിന് തുടക്കമായി




*കോളേജിലെ അധ്യാപകർ ചേർന്നുകൊണ്ട് സ്റ്റാഫ് ക്ലബ് പ്രോഗ്രാമിന് തുടക്കം കുറിച്ചപ്പോൾ*

കോളേജിലെ അധ്യാപക കൂട്ടായ്മയായ സ്റ്റാഫ് ക്ലബിന്റെ കീഴിൽ പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് അധ്യാപകർ പങ്കെടുത്ത ഈ പരിപാടിയിൽ വിവിധ കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി. പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട എം. എൽ. എ ട്ടി. വി ഇബ്രാഹിം അധ്യാപകരുടെ സർഗ്ഗശേഷികൾ പുറത്തുകൊണ്ടുവരാൻ ഇത്തരം പരിപാടികൾ സഹായകമാകുമെന്ന് അദ്ദേഹം കൂട്ടിചേർത്തു. ജനറൽ സെക്രട്ടറി ശ്രീ അസ്ഹറുദ്ധീൻ പരിപാടിക്ക് സ്വാഗതം പറഞ്ഞു . സ്റ്റാഫ് ക്ലബ്ബ് പ്രസിഡന്റ് ഫൈസൽ ശബാബ് അധ്യക്ഷത വഹിച്ച പരിപാടിയിൽ പൂക്കോട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. ഇസ്മായിൽ, വൈസ് പ്രസിഡന്റ് പി എ സലാം എന്നിവർ അതിഥികളായി പങ്കെടുത്തു. പരിപാടിയിൽ അധ്യാപകരുടെ സമർപ്പണബോധത്തെ പ്രശംസിച്ചു. വിവിധ ഡിപ്പാർട്ട്മെന്റിലെ അധ്യാപകർ കലാപരിപാടികൾ അവതരിപ്പിച്ചു. സ്റ്റാഫ് ക്ലബ് ട്രഷറർ മുഹമ്മദ് മുസ്തഫ, എല്ലാവർക്കും നന്ദി അറിയിച്ചു. പ്രശസ്ത ഗായകരായ സഫ്വാൻ സാത്തിർ എന്നിവരുടെ സംഗീത രാത്രിയോടു കൂടെ പരിപാടി അവസാനിച്ചു.

# ഇന്ററാക്ടിവ് സെഷൻ: നാലു വർഷ ഡിഗ്രിയും പരീക്ഷയും

കോളേജിൽ നടന്ന ഓപ്പൺ ടോക്ക് ആൻഡ് ഇന്ററാക്ടീവ് സെഷനിൽ നാല് വർഷ ഡിഗ്രി കോഴ്സുകളുടെയും പരീക്ഷകളുടെയും പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളുമായി വിശദമായ ചർച്ച നടന്നു. മദീനത്തുംഉലൂം അറബിക് കോളേജ് പുളിക്കലിലെ അസിസ്റ്റന്റ് പ്രൊഫസർ കെ. എ ആബിദ് റഹ്മാൻ ആയിരുന്നു ഈ സെഷനിൽ മുഖ്യാതിഥിയായി എത്തിയത്.




തന്റെ അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെച്ച ആബിദ് റഹ്മാൻ, വിദ്യാർത്ഥികൾ പഠനത്തിൽ നേരിടുന്ന വിവിധ വെല്ലുവിളികളെക്കുറിച്ചും അവയെ എങ്ങനെ ഫലപ്രദമായി അഭിമുഖീകരിക്കാമെന്നും വിശദമായി വിവരിച്ചു. നാല് വർഷത്തെ ഡിഗ്രി കോഴ്സ് പൂർത്തിയാക്കുന്നതിന്റെ പ്രാധാന്യവും തൊഴിൽ രംഗത്തെ സാധ്യതകളും അദ്ദേഹം വിശദീകരിച്ചു.



*സ്റ്റാഫ് ക്ലബ്ബിന്റെ ലോഗോ കോളേജ് സുപ്രണ്ട് പ്രകാശനം ചെയ്തു.*




# അഭിമാനമായി കോളജ് ഫുട്ബോൾ ടീം



*കോളേജ് ഫുട്ബാൾ ടീം*

കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി സോൺ ചാമ്പ്യൻഷിപ്പിൽ എം ഐ സി കോളജിന് ഒരു നേട്ടം കൂടി. ആറു വർഷത്തിനുശേഷമാണ് കോളേജ് ഫുട്ബോൾ ടീം ഇൻറർ സോൺ യോഗ്യത നേടിയത്. കാളികാവ് ടെക്സ് ഫോർഡ് ക്യാമ്പസിൽ വച്ചു നടന്ന ആദ്യ റൗണ്ടിൽ മുൻനിര ടീമുകളെ പിന്തള്ളി എം ഐ സി ടീം സെക്കന്റ് റണ്ണർ അപ്പറായി മുന്നിലെത്തി. എന്നാൽ മുന്നോട്ടുള്ള റൗണ്ടിൽ തൃശ്ശൂർ ജില്ലയിലെ കേരളവർമ്മ കോളജിനെതിരായ മത്സരത്തിൽ എം ഐ സി കോളജ് ടീം പരാജയപ്പെട്ടു.

# വിദ്യാർത്ഥികളുടെ ഓർഫനേജ് സന്ദർശനം



*കോളേജ് വിദ്യാർഥികൾ ഓർഫനേജിലെ അന്തേവാസി കളുമായി സംവദിക്കുന്നു*

സി യു സി എസ് എസ് അസോസിയേഷനും ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് ചേർന്ന് ഗവർമെന്റ് ബ്ലൈൻഡ് ( ഹോം ഫോർ ഡെസ്ടിട്ട് ബ്ലൈൻഡ് കീഴുപറമ്പ, മലപ്പുറം ) ഓർഫനേജ് സന്ദർശിച്ചു. ഓർഫനേജിലെ അന്തേവാസികളുമായി കൂടുതൽ സമയം ചിലവഴിക്കുകയും, അവർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. സാമൂഹ്യ സേവനത്തിന്റെ ഭാഗമായാണ് വിദ്യാർത്ഥികൾ ബ്ലൈൻഡ് ഓർഫനേജ് സന്ദർശിച്ചത്. അധ്യാപകരായ ജലീൽ, ചിത്ര എന്നിവർ നേതൃത്വം നൽകി.

# പള്ളി ഉദ്ഘാടനം ചെയ്തു



കോളേജിനടുത്ത് പുതുതായി പണിത പള്ളിയുടെ ഉദ്ഘടനം പതിനൊന്ന് തിങ്കൾ വൈകുന്നേരം ആറുമണിക്ക് പാണക്കാട് സാദിഖലി തങ്ങൾ നിർവഹിച്ചു.കോളേജിൽ പഠിക്കുന്ന ആയിരത്തോളം വിദ്യാർഥികൾക്കും കോളേജ് സ്റ്റാഫിനും മൂലക്കോട് പരിസരവാസികൾക്കും പ്രാർത്ഥനക്ക് കൂടുതൽ മെച്ചപ്പെട്ട സംവിധാനം ഒരുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മൂലക്കോട് പുതിയ പള്ളി നിർമിച്ചത്. ഉദ്ഘടന ചടങ്ങിൽ നാട്ടുകാരും വിദ്യാർഥികളും പങ്കെടുത്തു.

# ഇന്ത്യക്ക് വിശക്കുന്നു

2047 ആകുന്നതോടെ വികസിത രാജ്യമെന്ന ലക്ഷ്യം ഇന്ത്യ കൈവരിക്കും. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ഏറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എല്ലാ മേഖലകളെയും ഉൾകൊള്ളുന്ന വികസനത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. ദരിദ്രരെയും സ്ത്രീകളെയും യുവാക്കളെയും കേന്ദ്രീകരിച്ചായിരുന്നു സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ. 25 കോടി ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് മുക്തരായിട്ടുണ്ട്.' രണ്ടാം എൻ ഡി എ സർക്കാരിന്റെ അവസാന ബജറ്റ് അവതരിപ്പിക്കുന്നതിനിടെ ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞതാണിത്. അത്രയും ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് മുക്തരായി എന്നാണ് ധനമന്ത്രി അവകാശപ്പെടുന്നത്.

കഴിഞ്ഞ ദിവസം പുറത്തുവന്ന ആ ഗോള പട്ടിണി സൂചിക പക്ഷേ ഈ അവകാശവാദത്തെ നിഷേധിക്കുന്നതും ചോദ്യം ചെയ്യുന്നതുമാണ്. ഐറിഷ് സന്നദ്ധ സംഘടനയായ കൺസേൺ വേൾഡ് വൈഡും ജർമൻ സംഘടനയായ വെൽറ്റ് ഹംഗർ ഹിൽഫയും ചേർന്നാണ് ആ ഗോള പട്ടിണി സൂചിക തയ്യാറാക്കിയിരിക്കുന്നത്. പോഷകാഹാരക്കുറവ്, ശിശുമരണം, ശരീര ശോഷണം, വളർച്ചാ മുരടിപ്പ് തുടങ്ങിയ കാര്യങ്ങൾ പഠനവിധേയമാക്കിയാണ് പട്ടിക തയ്യാറാക്കുന്നത്. 127 രാജ്യങ്ങളുടെ പട്ടിണി സൂചികയാണ് ഈ വർഷം അവർ പുറത്തുവിട്ടിരിക്കുന്നത്.105ാം സ്ഥാനത്താണ് ഇന്ത്യ. 27സ്കോറാണ് ഇന്ത്യക്ക് നൽകിയിട്ടുള്ളത്. രാജ്യത്തെ ജനസംഖ്യയുടെ 13.7 ശതമാനം പേർക്ക് പോഷകാഹാരക്കുറവ്, അഞ്ച് വയസിന് താഴെയുള്ള കുട്ടികളിൽ 35.5 ശതമാനം പേർക്ക് വളർച്ച മുരടിപ്പ്, പുറമേ 2.9 ശതമാനം പേർ അഞ്ച് വയസ്സിന് മുമ്പ് മരണപ്പെടുന്നതായും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. സൂചിക പ്രകാരം ഇന്ത്യയെ 'ഗുരുതര' വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയെ കൂടാതെ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ അടക്കം 41 രാജ്യങ്ങളും ഈ വർഷം 'ഗുരുതര' വിഭാഗത്തിലുണ്ട്. അതേസമയം ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെട്ട 'മിതമായ' അവസ്ഥയിലാണുള്ളത്.

2023ലെ ആഗോള പട്ടിണി സൂചിക പ്രകാരം 125 രാജ്യങ്ങളിൽ 111ാം സ്ഥാനത്തും 2022ൽ 121 രാജ്യങ്ങളിൽ 107ാം സ്ഥാനത്തുമായിരുന്നു ഇന്ത്യ. ഓരോ വർഷം കഴിയുന്നതിനനുസരിച്ച് പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം താഴേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നതും രാജ്യത്തെ പട്ടിണി കുറക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതും എൻ ഡി എ ഭരണകൂടത്തിന്റെ പരാജയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്ത്യാരാജ്യത്തെ ലോക രാജ്യങ്ങൾക്ക് മുമ്പിൽ താറടിച്ചു കാണിക്കാനും തരംതാഴ്ത്താനുമുള്ള ശ്രമമായിട്ടാണ് ഈ റിപ്പോർട്ടിനെ ബി ജെ പിയും സംഘ്പരിവാറും അവരെ അനുകൂലിക്കുന്നവരും കാണുന്നത്. അതിന്റെ ഉദാഹരണങ്ങളാണ് ഈ റിപ്പോർട്ട് പുറത്തുവന്നത് മുതൽ സോഷ്യൽ മീഡിയയിലും മറ്റും ഉയരുന്ന പ്രതികരണങ്ങൾ.

കഴിഞ്ഞ വർഷം ആഗോള പട്ടിണി സൂചിക പുറത്തുവന്ന സമയത്ത് ബി ജെ പി സർക്കാർ പ്രസ്തുത റിപ്പോർട്ട് തള്ളി അത് തയ്യാറാക്കിയവർക്കെതിരെ രംഗത്ത് വന്നിരുന്നു. ഇത് രാജ്യത്തിന്റെ ശരിയായ നില വ്യക്തമാക്കുന്നതല്ലെന്നും തെറ്റായ രീതിശാസ്ത്രമനുസരിച്ച് തയ്യാറാക്കിയതെന്നുമായിരുന്നു അന്ന് കേന്ദ്ര സർക്കാർ പറഞ്ഞിരുന്നത്. റിപ്പോർട്ട് വസ്തുതകൾക്ക് നിരക്കുന്നതല്ലായെന്ന് വനിതാ, ശിശു വികസന മന്ത്രാലയവും അന്ന് പ്രതികരിച്ചിരുന്നു. മറുത്തൊരു പ്രതികരണം ഇത്തവണയും പ്രതീക്ഷിക്കേണ്ടതില്ല.

ആവശ്യമായ പരിഹാരങ്ങൾ കാണാതെ രാജ്യം എത്ര പുരോഗതി പ്രാപിച്ചുവെന്നും എത്ര പേരുടെ ദാരിദ്ര്യം ഇല്ലാതായെന്നും പറഞ്ഞുകൊണ്ടിരിക്കുന്നത്, ഇന്ത്യയിലെ ജനതയോട് ചെയ്യുന്ന അനീതിയാണ്.

Irshad Kolappuram
1st MCJ Student

**Editorial Board**

Chief Editor : Ameer Ali A K (HoD, JMC)

Editors : Jumana T (Asst. Prof. JMC)

Members : Shifna, Mufeeda,Fahima 2nd pg MA JMC) Aparna,Salva,Divya,Shahir Ajin,Jaseem,Milhaan,Irshad(2nd pg MA JMC )

## കേരളപ്പിറവി വിജയികളെ പ്രഖ്യാപിച്ചു



കേരളപ്പിറവിയുമായി ബന്ധപ്പെട്ട് മലയാളം ഡിപ്പാർട്മെന്റും ഐ.ക്യൂഎസിയും ചേർന്ന് പരിപാടികൾ സംഘടിപ്പിച്ചു. നാടൻപാട്ട് മത്സരവും, കോളേജ് കോമ്പൗണ്ടിൽ കേരളത്തനിമ എക്സ്പോയും നടത്തി. നാടൻ പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം ഒന്നാം വർഷ ബി. എ. സോഷ്യോളജി രണ്ടാം സ്ഥാനം ബി. എ. ഇംഗ്ലീഷ് ഡിപ്പാർട്മെന്റും കരസ്ഥമാക്കി . എം.എസ് സുജിത കുമാരി (അസി. പ്രൊഫസർ മലയാളം ഡിപ്പാർട്ട്മെന്റ്) പരിപാടിക്ക് നേതൃത്വം നൽകി.

## സിനിമ പ്രദർശിപ്പിച്ചു




വേൾഡ് ടെലിവിഷൻ ദിനത്തിത്തോടനുബന്ധിച്ച് എൻ എസ് എസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സിനിമ പ്രദർശിപ്പിച്ചു. പ്രിത്വിരാജ്, കാവ്യാ മാധവൻ എന്നിവർ നായകരായ ക്ലാസ്മേറ്റ്, ദിലീപ്, ഭാവന പണി എന്നിവർ നായകരായ വെട്ടം എന്നീ രണ്ട് സിനിമകളാണ് പ്രദർശിപ്പിച്ചത്. ഇരുപത് രൂപയായിരുന്നു ടിക്കറ്റ് നിരക്ക്. നിരവധി വിദ്യാർത്ഥികളും അധ്യാപകരും പരിപാടിയിൽ പങ്കെടുത്തു.

## മെഗാ അലുംനി മീറ്റ് നാമകരണ മത്സരം

കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ ഭാഗമായി വരാനിരിക്കുന്ന മെഗാ അലുമിനി മീറ്റിന് പേരിടൽ മത്സരത്തിൽ പങ്കെടുക്കാൻ അവസരം. Google From Link - https://forms.gle/vnT7opYLrtqCUXJA6,എന്ന ലിങ്കിൽ പേരുകൾ നിർദേശിക്കാം.പേരുകൾ നൽകുന്നതിന്റെ അവസാന തീയതി നവംബർ 25 വൈകുന്നേരം 5:00 മണി വരെ.

## ദേശീയ ഉറുദു ദിനാചരണം

ഉറുദു ദിനാചരണത്തിന്റെ ഭാഗമായി ഉറുദു ഡിപ്പാർട്മെന്റും ഐ ക്യു എ സി യും ചേർന്ന് ദേശീയ ഉറുദുദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ അബ്ദുൽ റഷീദ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കായി ഗസൽ മത്സരവും, തസ്വീർഇഇക്ബാൽ എന്ന വിഷയത്തിൽ ഡ്രോയിങ് മത്സരവും സംഘടിപ്പിച്ചു. ഗസൽ മത്സരത്തിൽ ഒന്നാം സ്ഥാനം നസീഫ് മൂന്നാം വർഷ മാസ് കമ്മ്യൂണിക്കേഷൻ, രണ്ടാം സ്ഥാനം റുഷ്ദ മൂന്നാംവർഷ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾക്കും, ഡ്രോയിങ് മത്സരത്തിൽ ഒന്നാം സമ്മാനം അനവിധ്യ സെക്കൻഡ് സൈക്കോളജി വിദ്യാർത്ഥി, രണ്ടാം സമ്മാനം മുഹമ്മദ് റാഫിഹ് ഫസ്റ്റ് ബികോം ഫിനാൻസ് വിദ്യാർത്ഥികൾക്ക് ലഭിച്ചു. അധ്യാപിക ജംഷീല ഉറുദു ദിനാഘോഷത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിച്ചു. ഉറുദു ദിനാചരണത്തിന്റെ ഭാഗമായി ഉറുദു ഡിപ്പാർട്മെന്റും ഐ ക്യു എ സി യും ചേർന്ന് ഗസൽ മത്സരവും, ഡ്രോയിങ് മത്സരവും സംഘടിപ്പിച്ചു. ഗസൽ മത്സരത്തിൽ ഒന്നാം സ്ഥാനം നസീഫ് മൂന്നാം വർഷ മാസ് കമ്മ്യൂണിക്കേഷൻ ,രണ്ടാം സ്ഥാനം റുഷ്ദ മൂന്നാംവർഷ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾക്കും,ഡ്രോയിങ് മത്സരത്തിൽ ഒന്നാം സമ്മാനം അനവിധ്യ സെക്കൻഡ് സൈക്കോളജി വിദ്യാർത്ഥി, രണ്ടാം സമ്മാനം മുഹമ്മദ് റാഫിഹ് ഫസ്റ്റ് ബികോം ഫിനാൻസ് വിദ്യാർത്ഥികൾക്ക് ലഭിച്ചു.

# വിഷം പതയുന്ന യമുന



ഇന്ത്യയുടെ ചരിത്രത്തെയും സംസ്കാരത്തെയും തഴുകി ഒഴുകുന്ന യമുനാ നദിയിൽ മുങ്ങി നിവരുന്നതുപോലും പുണ്യമാണെന്ന് പരക്കെ വിശ്വാസമുണ്ട്. എന്നാൽ ഇന്ന് മുങ്ങി നിവരുന്നത് പോയിട്ട് ജലം കൈക്കുമ്പിളിൽ കോരിയെടുത്താൽ പോലും കാത്തിരിക്കുന്നത് മഹാ രോഗങ്ങളാണ്. ഇന്ന് ഇന്ത്യയിലെ ഏറ്റവും മലിനമായ നദികളിലൊന്നായി മാറിയിരിക്കുകയാണ് യമുന. കാഴ്ചയിൽതന്നെഭയമുളവാക്കുന്നതരത്തിലാണ് മാലിന്യത്തിന്റെ ഒഴുക്ക്. രാജ്യതലസ്ഥാനമായ ഡൽഹിയിലെ നൂറുകണക്കിന് ഫാക്ടറികളിൽ നിന്നും പുറന്തള്ളപ്പെടുന്ന രാസമാലിന്യങ്ങളും ഗാർഹിക മാലിന്യങ്ങളും ഡ്രൈനേജുകളും എല്ലാം യമുനയിലേക്കാണ് എത്തുന്നത്. ഇതിനെതുടർന്ന് വെള്ളം ഇപ്പോൾ കറുത്ത നിറത്തിലാണ്. ഡൽഹിയിലെ കാളിന്ദികുഞ്ചിൽ അവസ്ഥ അങ്ങേയറ്റം ഭീകരമാണ്. അളവറ്റ മാലിന്യം കാരണം യമുന പതഞ്ഞൊഴുകുകയാണ്. ഇതേക്കുറിച്ച് നടത്തിയ ശാസ്ത്രീയ പഠനങ്ങൾ മലിനീകരണത്തിന്റെ ഭയപ്പെടുത്തുന്ന വ്യാപ്തി വെളിപ്പെടുത്തുന്നു.യമുനയുടെ തീരങ്ങളിൽ ബലിതർപ്പണത്തിനായി ഒരുക്കിയിരിക്കുന്ന ഘട്ടുകളിലേക്ക് എത്തുന്നവർ മലിനജലംകണ്ട് അതിലേക്ക്ഇറങ്ങാൻപോലുംഭയപ്പെട്ട് മാറിനിൽക്കുന്നു. ചുരുക്കം ചിലർ മാത്രമാണ് അതൊന്നും വകവയ്ക്കാതെ യമുനയിലിറങ്ങി പിതൃതർപ്പണം പൂർത്തിയാക്കുന്നത്. പിതൃപൂജ പൂർത്തീകരിക്കാനായി ജലത്തിൽ മുങ്ങിയെഴുന്നേൽക്കുന്നത് ആചാരമാണെങ്കിലും യമുനാ ജലത്തിൽ കൈകൊണ്ട് സ്പർശിക്കാൻ പോലും സാധിക്കാനാവാത്തതിനാൽ ആളുകൾ വലയുന്നുണ്ട്.ലോക പരിസ്ഥിതി ദിനത്തിൽ യമുനയുടെ അങ്ങേയറ്റംഭീകരമായഅവസ്ഥയ്ക്ക് പരിഹാരം കാണണമെന്നും നദിയെ രക്ഷിക്കണമെന്നും ആവശ്യപ്പെട്ട് പ്രതിഷേധങ്ങളും ഡൽഹിയിൽ അരങ്ങേറിയിരുന്നു. പരിസ്ഥിതി പ്രവർത്തകരും പ്രകൃതി സ്നേഹികളും യമുനാ നദി സംരക്ഷണ പ്രവർത്തകരുമടക്കം നൂറുകണക്കിനാളുകൾ ചേർന്നാണ് യമുനാതീരത്ത് മനുഷ്യചങ്ങലയൊരുക്കി പ്രതിഷേധിച്ചത്.ഡൽഹി മലിനീകരണ നിയന്ത്രണ സമിതി ഏതാനും മാസങ്ങൾക്കു മുൻപ് പുറത്തുവിട്ട റിപ്പോർട്ടിൽ എട്ടു വർഷങ്ങൾക്കിടയിൽ യമുനയിലെ മലിനീകരണ നിരക്ക് ഇരട്ടിച്ചുവെന്നാണ് കണ്ടെത്തിയത്. എന്നാൽ പല കാലങ്ങളിലായി ഭരണതലത്തിൽ നിന്നും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും യമുനയിലെ മാലിന്യ പ്രശ്നത്തിന് ഇനിയും പരിഹാരം കണ്ടെത്താനോ നദിയെ സംരക്ഷിക്കാനോ സാധിച്ചിട്ടില്ല.